Kerala Catholic Bishop's Council (KCBC)
Secretariat, Pastoral Orientation Centre, P.B. No. 2251, Palarivattom, Kochi-682 025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-280614
E-mail: deputysecretarykcbc@gmail.com, www.kcbcsite.com

3.6.2018

All Kerala Press Release
*Ref: 618/KCBC/K-6/KPR/DS*

**കെസിബിസി വർഷകാല സമ്മേളനം നാളെ (5.6.2018) മുതൽ പിഒസിയിൽ**

കൊച്ചി: കേരള കത്തോലിക്കാമെത്രാൻ സമിതിയുടെ വർഷകാല സമ്മേളനം ജൂൺ 5,6,7 തീയതികളിലായി കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയമായ പി.ഒ.സിയിൽ നടക്കും. 5-ന് രാവിലെ 9.30-ന് സമർപ്പിത സമൂഹങ്ങളുടെ മേജർ സുപ്പീരിയർമാരുടെയും കെസിബിസിയുടെയും സംയുക്തയോഗം കെസി ബിസി പ്രസിഡന്റ് ആർച്ചുബിഷപ് ഡോ. സൂസ പാക്യം ഉദ്ഘാടനം ചെയ്യും. കെസിബിസി റിലീജിയസ് കമ്മീഷൻ ചെയർമാൻ ബിഷപ് യൂഹാനോൻ മാർ ക്രിസോസ്റ്റം അധ്യക്ഷത വഹിക്കും. “കാരുണ്യത്തി ന്റെയും സാക്ഷ്യത്തിന്റെയും ദൗത്യത്തിനായി വൈവിധ്യത്തിൽ ഐക്യപ്പെട്ട്” എന്ന വിഷയത്തെക്കുറിച്ച് സിബിസിഐ സെക്രട്ടറി ജനറൽ ബിഷപ് തിയഡോർ മസ്കരനാസ് പ്രബന്ധം അവതരിപ്പിക്കും. ഉച്ചയ്ക്കു ശേഷമുള്ള പാനൽ ചർച്ചയിൽ ജസ്റ്റീസ് സിറിയക് ജോസഫ്, ബിഷപ് ജോസഫ് പാംപ്ലാനി എന്നിവർ കേരള സാഹചര്യത്തെ വിലയിരുത്തി സംസാരിക്കും.

6,7 തീയതികളിൽ കുട്ടികളുടെയും ദുർബലരുടേയും സുരക്ഷിതത്വം,. കുടുംബകേന്ദ്രീകൃത അജപാലനം, യോഗാപരിശീലനവും ക്രൈസ്തവസമീപനങ്ങളും, ഓഖി ദുരിതാശ്വാസ-പുനരധിവാസപ്രവർത്തനങ്ങളുടെ അവലോകനം, ആനുകാലിക രാഷ്ട്രീയം തുടങ്ങി സഭയും സമൂഹവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സ്വീകരിക്കേണ്ട നിലപാടുകളെയും നടപടികളെയും സംബന്ധിച്ച് കേരള കത്തോലിക്കാ മെത്രാൻ സമിതി ചർച്ച ചെയ്യും.

സിബിസിഐ നയരേഖയുടെ അടിസ്ഥാനത്തിൽ കേരളസഭയുടെ രണ്ടുവർഷപരിപാടികൾക്ക് സമ്മേളനം രൂപം നല്കും.

കേരളത്തിലെ എല്ലാ കത്തോലിക്കാരൂപതകളുടെയും മെത്രാന്മാർ സമ്മേളനത്തിൽ പങ്കെടുക്കും.

**റവ. ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./
ഡയറക്ടർ, പി.ഒ.സി.

PRESIDENT
MOST REV. DR. SOOSA PAKIAM
Archbishop of Trivandrum,
Archbishop's House,

VICE-PRESIDENT
DR. YOOHANON MAR CHRYSOSTOM
Bishop of pathanamthitta
Santhome Catholic Bishop's House

SECRETARY GENERAL
MAR MATHEW MOOLAKKATT
Archbishop of Kottayam
Catholic Archbishop's House,

DEPUTY SECRETARY GENERAL
FR. VARGHESE VALLIKKATT
Pastoral Orientation Centre
P.B. No. 2251, Kochi-682 025